(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവള കമ്പിനിയിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സംവരണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പട്ടികവിഭാഗക്കാർക്ക് അർഹമായ പത്ത് ശതമാനം ജോലി എല്ലാ കാറ്റഗറികളിലും നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കമ്പനിയിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള ഓഹരികൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനിയിൽ നിയമനം ലഭിച്ചിട്ടുള്ള ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും മറ്റു വർക്കർമാരുടെയും എണ്ണം കാറ്റഗറി അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഇ) ഭൂമി ഏറ്റെടുത്തപ്പോൾ ജോലി ലഭിച്ചിട്ടുള്ള പട്ടിക വിഭാഗക്കാർ ഒഴികെ, സംവരണാടിസ്ഥാനത്തിൽ പട്ടിക വിഭാഗക്കാർക്ക് ജോലി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്?

ഉത്തരം

(എ) 29-9-97-ലെ സർക്കാർ ഉത്തരവ് ജി.ഉ.(എം.എസ്) 92/97/പി.ഡബ്ള്യൂ. ആന്റ് ടി. പ്രകാരം സി.ഐ.എ.എൽ.ലിലെ സർക്കാരിന്റെ മൂലധന നിക്ഷേപം 51% ആയിട്ടുണ്ടെങ്കിലും ഇതുവരെ നൽകിയ തുക 51% തികയാത്തതിനാൽ സംവരണ നിയമങ്ങൾ കൃത്യമായും പാലിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) സർക്കാർ നിക്ഷേപം 51% ആക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(സി) സർക്കാർ - 26.95 കോടി

പൊതുമേഖലാ സ്ഥാപനങ്ങൾ-19.35 കോടി

സ്വകാര്യ വ്യക്തികൾ-30.23 കോടി

(ഡി) പട്ടികയിൽ കൊടുത്തിട്ടുണ്ട്.†

(ഇ) മറുപടി പിന്നാലെ നൽകുന്നതാണ്.

നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താവളം

53 (93)പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താളത്തിൽ എന്ത് തുക നാളിതുവരെയായി സംസ്ഥാന സർക്കാർ ഷെയർ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സ്വകാര്യ വ്യക്തികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എന്ത് തുകയുടെ ഷെയർ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ 25,000 രൂപയ്ക്ക് മുകളിൽ ഷെയർ ഉള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ നിർമ്മാണവും പ്രവർത്തനവും നടത്തുന്ന ഏജൻസി ഏതാണെന്നും അതിൽ ഡയറക്ടർ ബോർഡിന്റെ പ്രതിനിധികൾ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ഇ) ഈ വിമാനത്താവളത്തിൽ എത്ര ജീവനക്കാർ സ്ഥിരമായും താൽക്കാലികമായും മാസ ശമ്പളയിനത്തിൽ ജോലി നോക്കുന്നുണ്ട്; ഇവരെ നിയമിച്ച ഏജൻസി ആരാണെന്നും അതിന്റെ മാനദണ്ഡം എന്താണെന്നും നിയമനം ലഭിച്ച ജീവനക്കാരുടെ പേരും വിലാസവും ഇപ്പോൾ കൈപ്പറ്റുന്ന ശമ്പളവും കാറ്റഗറി സഹിതം വെളിപ്പെടുത്തുമോ;

(എഫ്)ഇവിടത്തെ നിയമനങ്ങളിൽ സാമുദായിക സംവരണം പാലിച്ചിട്ടുണ്ടോ;

(ജി) ഈ സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(എച്ച്) നഷ്ടത്തിലാണെങ്കിൽ എന്ത് തുക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ആയത് നികത്താൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 26.85 കോടി രൂപ സർക്കാർ ഷെയർ ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. 2 കോടി രൂപയും കെ.ടി.ഡി.എഫ്.സി. പത്തു ലക്ഷം രൂപയും, പ്ലാന്റേഷൻ കോർപ്പറേഷൻ 25 ലക്ഷം രൂപയും, കാംകോ 25 ലക്ഷം രൂപയും, എയർ ഇന്ത്യ 5 കോടി രൂപയും സി.പി.സി.എൽ. 5¼ കോടി രൂപയും കീയാസ് 1 കോടി രൂപയും ഇന്ത്യൻ ഓവർസീസ് ബാങ്ക് 50 ലക്ഷം രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 5 കോടി രൂപയും മറ്റു സ്വകാര്യ വ്യക്തികൾ 30.23 കോടി രൂപയും ഷെയറായി നൽകിയിട്ടുണ്ട്.

(സി). പട്ടികയിൽ കൊടുത്തിട്ടുണ്ട്.†

(ഡി) കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ആണ് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഡയറക്ടർ ബോർഡംഗങ്ങളുടെ പേരുവിവരം താഴെക്കൊടുത്തിരിക്കുന്നു.

ശ്രീ. ഇ.കെ. നായനാർ, മുഖ്യമന്ത്രി.

ശ്രീ. എസ്. ശർമ്മ, ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രി.

ശ്രീ. ബേബി ജോൺ, എം.എൽ.എ.

ശ്രീ. പി.പി. തങ്കച്ചൻ, എം.എൽ.എ.

ശ്രീ. എം. മോഹൻ കുമാർ, ചീഫ് സെക്രട്ടറി.

ശ്രീ. വി.ജെ. കുര്യൻ, മാനേജിംഗ് ഡയറക്ടർ.

ശ്രീ. യൂസഫലി എം.എ.

ശ്രീ. മുഹമ്മദാലി പി.

ശ്രീ. ജി.വി. ജേക്കബ്

ശ്രീ. ഇ.എം. ബാബു

ശ്രീ. എൻ.വി. ജോർജ്

ശ്രീ. വി. സുരേഷ്, സി.എം.ഡി. ഹഡ്കോ.

883/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി)&(എച്ച്) ശരാശരി പ്രതിമാസ വരുമാനം 122 ലക്ഷം രൂപയും ചെലവ് 45 ലക്ഷം രൂപയുമാണ്. എന്നാൽ കടം വാങ്ങിയ മൂലധനത്തിന്മേലുള്ള പ്രതിമാസ പലിശ 249 ലക്ഷം രൂപയാണ്. എയർ പോർട്ടിന് അന്തരാഷ്ട്ര പദവി ലഭിച്ചു കഴിഞ്ഞാൽ തന്മൂലം അന്തരാഷ്ട്ര എയർലയിനുകൾ കൂടുതൽ വരുകയും അതിൽനിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുകയും ചെയ്യാം. പലിശ ഭാരം ലഘൂകരിക്കുന്നതിനും മൂലധന പുനഃസംഘടനക്കുള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയും സിയാൾ മാനേജിംഗ് ഡയറക്ടറും അംഗങ്ങളായുള്ള ഒരു കമ്മിറ്റിയെ, കമ്പനിയുടെ ഭാവി നിക്ഷേപപരിപാടികളും കട ഓഹരി ഘടനയും പഠിക്കുന്നതിന് യോഗ്യരായുള്ള ഒരു ഏജൻസിയെ കണ്ടെത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുതിയ തസ്തികകൾ

54 (95)ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം ഉണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

എൽ.എം.വി. ഡ്രൈവർമാരുടെ റാങ്ക്‌ലിസ്റ്റ്

55 (98)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേക്ക് എൽ.എം.വി. ഡ്രൈവർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിലും വാഹനം വാങ്ങുമ്പോൾ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന പി.ആന്റ്.എ.ആർ.ഡി. സർക്കുലർ അനുസരിച്ചാണോ വകുപ്പ് അദ്ധ്യക്ഷന്മാർ വാഹനങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly